**വളരെ അടിയന്തിരം**

**സ്പെഷ്യൽ മെസ്സഞ്ചർ**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

---

ബി 1 / 27072 / 2018 / മെ.വി.വ. തീയതി: 23/03/2019

സ്വീകർത്താവ്,

1.ഡയറക്ടർ
ആരോഗ്യ വകുപ്പ്
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

2.ഡയറക്ടർ
ഇൻഷ്വറൻസ് വകുപ്പ്
ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

3.പ്രിൻസിപ്പാൾ,
സർക്കാർ ദന്തൽ കോളേജ്
തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശ്ശൂർ / കോഴിക്കോട്

സർ/മാഡം,

വിഷയം: മെഡിക്കൽ വിദ്യഭ്യാസ വകുപ്പ് - അക്കാദമിക് - പി.ജി.ദന്തൽ കോഴ്സിലേക്കുള്ള 2019 അദ്ധ്യായന വർഷത്തെ പ്രവേശനം - യോഗ്യരായ സർവ്വീസ് വിഭാഗത്തിലുള്ളവരുടെ ലിസ്റ്റ് തേടുന്നത് - സംബന്ധിച്ച്

സൂചന: 1. ജി.ഒ.(എം.എസ്) നം.50/2019/ആ.ക.വ.,തീയതി.21.3.2019

2. 21.03.2019 തീയതിയിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച 5888/2018/എം.ഡി.എസ്-2019/ടി.എ-4 നമ്പർ പ്രകാരമുള്ള വിജ്ഞാപനം

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പി.ജി.ദന്തൽ കോഴ്സിലേക്കുള്ള 2019 അദ്ധ്യായന വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ സൂചന (2) പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുണ്ടായി .

**File No.DME/27072/2018-B1**

പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ വകുപ്പിൽ സ്ഥിരം ജോലി നോക്കുന്നതും പ്രോസ്പെക്ടസ് ചട്ട പ്രകാരം യോഗ്യരായിട്ടുള്ള ഡോക്ടർമാരുടെ അപേക്ഷകൾ താങ്കൾക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് 27.03.2019 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതും , ആയതിന്റെ ഒരു പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

27.03.2019 തീയതിക്കുശേഷം വരുന്ന സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.പ്രോസ്പെക്ടസ് / പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവ www.cee-kerala.org / www.cee.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്ന് താങ്കൾക്ക് ശേഖരിക്കാവുന്നതാണ്.

സർക്കാർ ദന്തൽ കോളേജ് തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശ്ശൂർ / കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ യോഗ്യരായിട്ടുള്ള ഡോക്ടർമാരുടെ അപേക്ഷകൾ താങ്കൾക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് 26.03.2019 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature valid
Digitally signed by JOLLY MARY VARGHESE
Date: 2019.03.23 12:27:09 IST
Reason: Approved

ApprovedByName#
**JOINT DIRECTOR (GENERAL)**
ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: മേൽ സൂചന

പകർപ്പ്: 1.പ്രവേശന പരീക്ഷാ കമ്മീഷണർ , തിരുവനന്തപുരം
2.മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി